"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് — സമാശ്വാസ തൊഴിൽദാന പദ്ധതി — പോലീസ് വകുപ്പിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ നിര്യാതനായ സാബു ബി-യുടെ മകൻ ശ്രീ കൃപാ സരിൻ എസ് പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നത് — അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര(കെ) വകുപ്പ്**

സ.ഉ.(കൈ) നം.243/2024/HOME തീയതി,തിരുവനന്തപുരം, 18-11-2024

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി) നം.12/99/ഉ.പ.ഭ.വ
2. ശ്രീ കൃപാ സരിൻ എസ് -ന്റെ 02/02/2022 തീയതി രേഖപ്പെടുത്തിയ ആശ്രിത നിയമന അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 09/05/2022-ലെ എം.4(എ)-72652/2022/പി.എച്ച്.ക്യൂ നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 22/10/2022-ലെ DCKLM/8086/2022-S4 നമ്പർ കത്ത്.
5. 14.07.2023-ലെ സ.ഉ(പി)നം.12/2023/പി & എ.ആർ.ഡി
6. 09/11/2023 ലെ സ.ഉ.(കൈ)നം.21/2023/പി & എ.ആർ.ഡി
7. ശ്രീ കൃപാ സരിൻ എസ് 20/11/2023-ൽ സമർപ്പിച്ച ആശ്രിത നിയമന തസ്തികമാറ്റ അപേക്ഷ.
8. സംസ്ഥാന പോലീസ് മേധാവിയുടെ 04/04/2024-ലെ എം.4(എ)-135443/2023/പി.എച്ച്.ക്യൂ നമ്പർ കത്ത്.
9. സംസ്ഥാന പോലീസ് മേധാവിയുടെ 08/10/2024-ലെ എം.4(എ)-135443/2023/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

പോലീസ് വകുപ്പിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 19/06/2021-ൽ നിര്യാതനായ സാബു ബി-യുടെ മകൻ കൊല്ലം, ഈസ്റ്റ് കല്ലട, മുട്ടം, തെക്കേമുറി, കൃപയിൽ ശ്രീ കൃപാ സരിൻ എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം 3, 4 കത്തുകൾ പ്രകാരം യഥാക്രമം സംസ്ഥാന പോലീസ് മേധാവിയും കൊല്ലം ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുണ്ട്. ശ്രീ കൃപാ സരിൻ എസ്-ന്റെ പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിച്ചുവരവെ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകും എന്നതിനാൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് മാറ്റം ആവശ്യപ്പെട്ട് ശ്രീ കൃപാ സരിൻ എസ് പരാമർശം 7 പ്രകാരം തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇത് സംബന്ധിച്ച തുടർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകൻ പരേതന്റെ അവകാശിയാണെന്ന് കൊല്ലം തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ കുടുംബ വാർഷിക വരുമാനം 2,00,400/- രൂപയാണെന്ന് ഈസ്റ്റ് കല്ലട വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പരേതന്റെ നിയമപരമായ എല്ലാ അവകാശികളും അപേക്ഷകന് അനുകൂലമായി അവകാശമൊഴിഞ്ഞു കൊടുത്തിട്ടുള്ളതും, ആശ്രിത നിയമനം നൽകുന്നതിൽ എതിർപ്പില്ല എന്ന് സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്. അപേക്ഷകൻ

സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. 13/11/2003 ൽ ജനിച്ച ശ്രീ കൃപ സരിൻ എസ് ഹയർ സെക്കന്ററി എക്സാമിനേഷൻ പാസ്സായിട്ടുണ്ട്. ടിയാൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള കായിക-ആരോഗ്യ-ശാരീരിക ക്ഷമത പരീക്ഷ വിജയിച്ചതായും പ്രസ്തുത തസ്തികയിൽ നിയമിക്കുന്നതിന് യോഗ്യനാണെന്നും പരാമർശം 8 പ്രകാരവും, ടിയാന്റെ ഹയർ സെക്കന്ററി പരീക്ഷ സർട്ടിഫിക്കറ്റ് ലഭിച്ചത് 22/06/2024-ന് മാത്രമാണെന്ന് പരാമർശം 9 പ്രകാരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം 1 പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിക്കകം അപേക്ഷകൻ ആശ്രിത നിയമന അപേക്ഷയും തസ്തികമാറ്റ അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ പോലീസ് വകുപ്പിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ നിര്യാതനായ സാബു ബി-യുടെ മകൻ ശ്രീ കൃപാ സരിൻ എസ് പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഹയർ സെക്കന്ററി എക്സാമിനേഷൻ സർട്ടിഫിക്കറ്റ്) ലഭ്യമാക്കിയ തീയതിയായ 22/06/2024 ടിയാന്റെ വാലിഡ് അപേക്ഷ തീയതിയായി തീരുമാനിച്ച്, ടിയാന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ KAP III ബറ്റാലിയനിൽ നിലവിലുള്ളതോ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീ കൃപാ സരിൻ എസ്-ന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ശാരീരിക ആരോഗ്യക്ഷമത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെയും രേഖകളുടെയും വിശ്വാസ്യത ഉറപ്പുവരുത്തി പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ സംസ്ഥാന പോലീസ് മേധാവി നിയമന ഉത്തരവ് നൽകേണ്ടതാണ്. പരാമർശം 5 ഉത്തരവിലെ ഖണ്ഡിക (X) പ്രകാരമുള്ള സമ്മതപത്രം അപേക്ഷകനിൽ നിന്ന് ലഭ്യമാക്കി നിയമനാധികാരി സൂക്ഷിക്കേണ്ടതും ആവശ്യമായി വരുന്ന പക്ഷം, തദനുസൃതമായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരാമർശം 6 ഉത്തരവ് പ്രകാരമുള്ള ആശ്രിത-സംരക്ഷണ സമ്മതമൊഴി കൂടി നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതും, നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി ടിയാന്റെ സ്വഭാവവും മുൻനടപ്പും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

5. ശ്രീ കൃപാ സരിൻ എസ് - ന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ നിര്യാതനായ ജീവനക്കാരന്റെ സേവനപുസ്തകത്തിലും അദ്ദേഹം അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ ജീവനക്കാര്യ പതിവേടിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയിലോ നിയമനത്തോടനുബന്ധിച്ച വകുപ്പുതല അന്വേഷണ സമയത്തോ അപേക്ഷക തെറ്റായി വിവരം ധരിപ്പിക്കുകയോ എന്തെങ്കിലും വിവരങ്ങൾ മറച്ചുവയ്ക്കുകയോ ചെയ്തു എന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ കൃപാ സരിൻ എസ്, കൃപ, തെക്കേമുറി, മുട്ടം, ഈസ്റ്റ് കല്ലട പി ഒ, കൊല്ലം - 691502 (രജിസ്റ്റേർഡ് തപാൽ മുഖേന)
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് (ശ്രീ കൃപാ സരിൻ എസ് - ന്റെ ക്ലർക്ക് തസ്തികയിലേക്കുള്ള K3/212/2022-HOME നമ്പർ പ്രൊഫോർമ്മ റദ്ദ് ചെയ്യുന്നതിലേക്കായി)
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 18-11-2024 12:18:33

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.